**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5226** **21-07-2022 - ല്‍ മറുപടിയ്ക്ക്**

**സര്‍വ്വീസില്‍ നിന്നും പിരിച്ചുവിട്ടതിന്റെ കാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ഡോ. ആര്‍ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സര്‍വ്വകലാശാലയിലെ ലൈഫ് സയന്‍സ് വിഭാഗത്തിലെ അധ്യാപകന്‍ ഡോ: രാധാകൃഷ്ണപിള്ളയെ സര്‍വീസില്‍ നിന്നും പിരിച്ചുവിട്ടുവോ; എങ്കില്‍ പിരിച്ചുവിടാനുള്ള കാരണം എന്താണ് എന്ന് അറിയിക്കാമോ; | (എ) | ലൈഫ് സയന്‍സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജി.രാധാകൃഷ്ണ പിള്ളയെ പിരിച്ചുവിട്ടുകൊണ്ടുള്ള സിന്‍ഡിക്കേറ്റ് തീരുമാനം ഇനം നമ്പര്‍ 2022.688* നടപ്പിലാക്കിക്കൊണ്ട് U.O.No.12261/2022/Admn dated, Calicut University.P.O., 22.06.2022 ഉത്തരവ് പ്രകാരം സസ്പെന്‍ഷനിലായ തീയതി മുതല്‍ അതായത് 03.12.2021 മുതല്‍ പിരിച്ചുവിട്ടു. 1955 ലെ ഇന്ത്യന്‍ പൗരത്വ നിയമത്തിലെ 7 ബി (2) (എ) & (ഐ) വകുപ്പ് പ്രകാരം, ഭരണഘടനയുടെ ആര്‍ട്ടിക്കിള്‍ 16 പ്രകാരം ഇന്ത്യന്‍ പൗരന് നല്‍കുന്ന അവകാശങ്ങള്‍ക്ക് ഇന്ത്യന്‍ വിദേശ പൗരന് അര്‍ഹതയില്ല. ഡോ.ജി.രാധാകൃഷ്ണ പിള്ള 31.05.2008 ന ബ്രിട്ടീഷ് പൗരത്വം സ്വീകരിക്കുകയും വിദേശ പാസ്പോര്‍ട്ട് കരസ്ഥമാക്കുകയും ചെയ്തുകൊണ്ട് ഇന്ത്യന്‍ പൗരത്വത്തെ തിരസ്കരിച്ചു. |
| (ബി) | അദ്ദേഹത്തിന് മൊത്തം എത്ര വര്‍ഷത്തെ സര്‍വ്വീസ് ഉണ്ട് എന്ന് അറിയിക്കാമോ; | (ബി) | അദ്ദേഹത്തിന്റെ സേവന വിശദാംശങ്ങള്‍ ചുവടെ കൊടുക്കുന്നു:<br>• സര്‍വ്വകലാശാലാ സേവനത്തില്‍ പ്രവേശിച്ച വര്‍ഷം - 09.03.1995<br>• സേവനത്തില്‍ നിന്ന് നീക്കം ചെയ്തത് - 03.12.2021<br>• ആകെ LWA – 5073 ദിവസങ്ങള്‍ (13 വര്‍ഷത്തില്‍ കൂടുതല്‍)<br>• അതിനാല്‍ മൊത്തം സേവനം - ഏകദേശം 12.5 വര്‍ഷം |
| (സി) | യഥാര്‍ത്ഥത്തില്‍ അദ്ദേഹം എപ്പോഴാണ് സര്‍വ്വീസില്‍ നിന്നും വിരമിക്കേണ്ടത്; | (സി) | റിട്ടയര്‍മെന്റ് ലിസ്റ്റ് 2023 പ്രകാരം (No.19431/AD-H-SO/2013/CU 08.06.2022) പ്രകാരം, ഡോ.ജി.രാധാകൃഷ്ണ പിള്ള യഥാര്‍ത്ഥത്തില്‍ വിരമിക്കേണ്ട തീയതി 07.04.2023 AN ആണ്. |

| | | | |
|---|---|---|---|
| (ഡി) | ഇദ്ദേഹത്തെ സർവ്വീസിൽ നിന്നും പിരിച്ചു വിടാനുള്ള സിൻഡിക്കേറ്റ് തീരുമാനം ഐക്യകണ്ഠേന ആയിരുന്നുവോ; വ്യക്തമാക്കുമോ? | (ഡി) | അല്ല. സിൻഡിക്കേറ്റ് അംഗമായ ഡോ.റഷീദ് അഹമ്മദ് വിയോജന കുറിപ്പ് പ്രസ്തുത പ്രമേയത്തിൽ രേഖപ്പെടുത്തി. |

സെക്ഷൻ ഓഫീസർ